ഉത്തരം

(എ) അനുവദിച്ചിരുന്നു.

(ബി & സി) തീരമൈത്രി സൂപ്പർ മാർക്കറ്റുകളിലൂടെ മാവേലി ഇനത്തിലുള്ള നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് 2 കോടി രൂപ 2009 വർഷത്തിൽ അനുവദിച്ചിരുന്നു. 2010-ന് ശേഷം തുകയൊന്നും അനുവദിച്ചിരുന്നില്ല. എന്നാൽ സപ്ലൈകോ/ കൺസ്യൂമർ ഫെഡ് പ്രവർത്തിക്കുന്ന പ്രദേശങ്ങൾ ഒഴികെയുള്ള പ്രദേശങ്ങളിലെ തീരമൈത്രി സൂപ്പർ മാർക്കറ്റിലൂടെ മാവേലി ഇനത്തിൽപ്പെട്ട നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനായി 1 കോടി രൂപ നൂ സർവ്വീസ് നടപടിക്രമം അനുസരിച്ച് ഈ സാമ്പത്തികവർഷം വകയിരുത്തുന്നതിന് 9-10-2014 - ൽ അനുമതി നൽകിയിട്ടുണ്ട്.

പുതിയങ്ങാടി ഫിഷിംഗ് ഹാർബർ

144 (145) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് ;

(ബി) എത്ര തുക ഇതിനായി ഇതുവരെ ചെലവഴിച്ചിട്ടുണ്ട് ;

(സി) എന്തൊക്കെ പഠനങ്ങളാണ് ഇവിടെ നടത്തുവാനുള്ളത് ; വിശദാംശം നൽകാമോ ;

(ഡി) ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നറിയിക്കുമോ ?

ഉത്തരം

(എ) ടോപ്പോഗ്രാഫിക്കൽ സർവ്വേ, ബെഡ് സാമ്പിൾ എന്നിവ ശേഖരിച്ചിട്ടുണ്ട്. ഷോർലൈൻ സർവ്വേ നടന്നുവരുന്നു. ഹാർബറിനുവേണ്ട മാതൃകാപഠനം നടത്തുന്നതിന് കേന്ദ്ര സർക്കാർ ഏജൻസിയായ CWPRS-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാതൃകാ പഠനത്തിന്റെ നടപടികൾ ടി ഏജൻസി ആരംഭിച്ചിട്ടുണ്ട്.

(ബി) പുതിയങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ ഇൻവെസ്റ്റിഗേഷൻ, മാതൃകാ പഠനം എന്നിവ നടത്തുന്നതിനായി ഇതുവരെ 3659804 രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇൻവെസ്റ്റിഗേഷൻ, മാതൃകാപഠനം എന്നിവ പൂർത്തീകരിച്ചശേഷം ഇ.ഐ.എ. പഠനം, മണ്ണിന്റെ ഉറപ്പ് പരിശോധിക്കുന്നതിനുള്ള ബോറിംഗ് എന്നിവ നടത്തേണ്ടതുണ്ട്.

(ഡി) മാതൃകാപഠനം, ഇ.ഐ.എ. പഠനം എന്നിവ പൂർത്തീകരിച്ചശേഷം ചീഫ് എഞ്ചിനീയർ പദ്ധതി രൂപരേഖ തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് അനുമതി നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്.

മത്സ്യബന്ധന നിയന്ത്രണ മേഖല

145 (146) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. മീനാകുമാരി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കടലിലെ മത്സ്യബന്ധന മേഖലയെ ബാധിക്കുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) കടലിൽ 200 മീറ്ററിനും 500 മീറ്ററിനും ഇടയിൽ 'കരുതൽമേഖല' ആയി മാറ്റുന്നത് മൂലം പരമ്പരാഗത മത്സ്യബന്ധന തൊഴിലാളികൾക്കുണ്ടാകുന്ന ആശങ്ക പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മീനാകുമാരി കമ്മിറ്റി റിപ്പോർട്ട് ചർച്ച ചെയ്യുന്നതിനായി ബന്ധപ്പെട്ടവരുടെ യോഗം രണ്ട് പ്രാവശ്യം കൂടുകയും യോഗത്തിൽ ഉയർന്നുവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 'കരുതൽമേഖല' സംബന്ധിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന ആശങ്ക പരിഹരിക്കുന്നതിന് ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ സംസ്ഥാനത്തിന് അംഗീകരിക്കാൻ കഴിയില്ലെന്ന വസ്തുത ഉൾപ്പെടുത്തിക്കൊണ്ടുള്ള റിപ്പോർട്ട് കേന്ദ്രസർക്കാരിന് അയച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly